# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ബൈസൺവാലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ.പി.7-1618/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 18/01/2023
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ബൈസൺവാലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ.പി.7-1618/2022 തീയ്യതി: 18/01/2023

## ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 09-08-2021 മുതൽ 24-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 31-10-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ അനിൽ മാത്യു ഐപ്പ് | ഡെപ്യൂട്ടി ഡയറക്ടർ | 25-10-2022 | 31-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 25-10-2022 | 31-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. സണ്ണി എം.യു, ഓഡിറ്റ് ഓഫിസർ
ശ്രീ. എം.എസ് രാജീവ്, ഓഡിറ്റ് ഓഫിസർ
ശ്രീ. ജോസഫ് ചാക്കോ, അസി.ഓഡിറ്റ് ഓഫിസർ
ശ്രീ. വിഷ്ണു പി.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ഡെന്നീസ് ജോസഫ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ ബൈജു കൃഷ്ണൻകുട്ടി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ലാൽസിംഗ് എസ് | സെക്രട്ടറി | 01-04-2021 | 10-01-2022 |
| ശ്രീ ബിനുരാജ് ബി | സെക്രട്ടറി | 11-01-2022 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ദിവ്യ കെ നായർ | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ഡോ ജിൻസി ജോസ് | മെഡിക്കൽ ഓഫിസർ,പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ രഹിന സി.കെ | മെഡിക്കൽ ഓഫിസർ,ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ മെഹ്റു വീരാൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീ സജീവ് എം.ടി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 01-04-2021 | 19-04-2021 |
| ശ്രീ ജയദേവൻ എം.കെ | ഡയറി എക്സ്റ്റൻഷൻ ഓഫിസർ | 20-04-2021 | 31-03-2022 |
| ശ്രീമതി ഷിജിമോൾ കെ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-10-2021 |
| ശ്രീമതി ഷിബുമോൾ എം.കെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-11-2021 | 31-03-2022 |
| ശ്രീ ജിൻസ് കെ.ജി | വി.ഇ.ഒ | 01-04-2021 | 05-10-2021 |
| ശ്രീ ദിപു | വി.ഇ.ഒ | 06-10-2021 | 19-03-2022 |
| ശ്രീ ജിജോ എബ്രാഹം | വി.ഇ.ഒ | 20-03-2022 | 31-03-2022 |
| ശ്രീ.ജൂഡിൻ ജോൺ ചാക്കോ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.നാരായണൻ എം. | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 7 | ക്ഷേമ പദ്ധതികൾ | 1-6 |
| 8 | കാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | വാർഷികകണക്കുകളിലെ അപാകതകൾ | 1-9 |
| 11 | തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു | 1-10 |
| 12 | വാടകകയിനത്തിൽ കുടിശ്ശിക | 1-11 |
| 13 | വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകത | 1-12 |
| 14 | ബി.എസ്.എൻ.എൽ. മൊബൈൽ ടവറിൽ നിന്നും നികുതി ഈടാക്കുന്നില്ല | 1-13 |
| 15 | ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണയിക്കുന്നില്ല | 1-14 |
| 16 | ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രത്തിനുള്ള വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല. | 1-14-1 |
| 17 | ടോയ്‌ലറ്റ് മെയിന്റനൻസ് ഇനത്തിൽ തിരിച്ചടച്ച തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു | 1-15 |
| 18 | ഭവന പുനരുദ്ധാരണം - കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ ധനസഹായം അനുവദിച്ചു | 1-16 |
| 19 | ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചു | 1-17 |
| 20 | സാമൂഹ്യപെൻഷൻ വിതരണത്തിലെ അപാകത | 1-18 |
| 21 | ലൈഫ് ഭവന പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുക - അപാകത | 1-19 |
| 22 | ലൈഫ് ഭവന പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - അപാകത | 1-19-1 |
| 23 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല | 1-20 |
| 24 | വാഹന വാടക - അധികം നൽകിയത്. | 1-21 |
| 25 | വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത് | 1-22 |
| 26 | പഞ്ചായത്ത് ഓഫിസിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ-അപാകതകൾ | 1-23 |
| 27 | തെരുവുവിളക്ക് അറ്റകുറ്റപണികൾ-ബൾബുകൾ പുന:സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല | 1-24 |
| 28 | ഇ-ടെണ്ടറിൽ ലഭിക്കുന്ന ടെണ്ടർ ഫാറവില പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ലഭിച്ചിട്ടില്ല. | 1-25 |
| 29 | പഞ്ചായത്ത് ഓഫിസിലേക്ക് ടൂ വീലർ വാങ്ങൽ -പദ്ധതി പ്രയോജനകരമായിട്ടില്ല | 1-26 |

| | | |
|---|---|---|
| 30 | കുഴൽ കിണർ നിർമ്മാണം-നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 1-27 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക കണക്കുകൾ പരിശോധിച്ച വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾ | 4-3 |
| 4 | മൊബിലൈസേഷൻ മുൻകൂർ വിവരം | 4-4 |
| 5 | വായപ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23.02.2021- ലെ 1(1) നമ്പർ തീരുമാനപ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസാക്കി അവതരിപ്പിച്ച 2021-22 വർഷത്തെ ബജറ്റ് 26-02-2021-ൽ ഭരണ സമിതി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം മുന്നിരിപ്പ് 2027757/-, ആകെ വരവ് 193261700/-, ആകെ ചെലവ് 192378398/- നീക്കിയിരിപ്പ് 2911059/- ആകുന്നു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 14.07.2022 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | അലോട്ട്മെന്റ്/വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 14860359 | 14860359 | 12344847 | 0 |
| വികസനഫണ്ട് (SCP) | 0 | 3183377 | 3183377 | 2147998 | 0 |
| വികസനഫണ്ട് (TSP) | 0 | 2406931 | 2406931 | 2275000 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-unTied) | 0 | 5536070 | 5536070 | 2509252 | 3026818 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 0 | 3560534 | 3560534 | 2317946 | 1242588 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 9177000 | 9177000 | 8804621 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 5202519 | 5202519 | 3789550 | 0 |
| തൊഴിലുറപ്പ് തൊഴിലാളികളുടെ കൂലി ചെലവ് | 0 | 92904237 | 92904237 | 92904237 | 0 |
| തൊഴിലുറപ്പ് ഭരണ ചെലവ് | 1750 | 1135488 | 1137238 | 1135725 | 1513 |
| ഐ.സി.ഡി.എസ് | 739484 | 591976 | 1331460 | 0 | 1331460 |
| കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം (320100199) | 0 | 31420 | 31420 | 31420 | 0 |
| നബാർഡ് (320200321 ) | 16209 | | 16209 | 0 | 16209 |
| മറ്റ് സ്കീമുകൾ (160100699 അനേർട്ട്) | 0 | 69465 | 69465 | 69465 | 0 |
| ടോട്ടൽ സാനിറ്റേഷൻ (320100115 ) | 2289185 | 45464 | 2334649 | 1333573 | 1001076 |
| കൈമാറിക്കിട്ടിയ | 57000 | | 57000 | 0 | 57000 |

| | | | | | |
|---|---|---|---|---|---|
| സ്ഥാപനങ്ങ് (അംഗൻവാടി) (320200299 ) | | | | | |
| പ്രത്യേക ഗ്രാന്റ് (320200307) | 0 | 5721 | 5721 | 0 | 5721 |
| ശുചിത്വമിഷൻ (320200322 ) | 0 | 142518 | 142518 | 142518 | 0 |
| ജലനിധി (320300102) | 761846 | 981285 | 1743131 | 0 | 1743131 |
| ലൈഫ് ഭവന പദ്ധതി (320300199 ) | 967073 | 15757835 | 16724908 | 16373283 | 351625 |
| കൃഷി വകുപ്പ് വിഹിതം (320200305) | 4975000 | 0 | 4975000 | 0 | 4975000 |
| സാക്ഷരത (320200309 ) | 579 | 17 | 596 | 50 | 546 |
| എം.എൽ.എ ഫണ്ട് (320200316 ) | 18486 | 0 | 18486 | 0 | 18486 |
| ഗ്രാന്റ് (സംയുക്ത പദ്ധതി)( 320400199) | 75 | 0 | 75 | 0 | 75 |
| പ്രത്യേക ഗ്രാന്റ്(320800199) | 350000 | 0 | 350000 | 0 | 350000 |

1-3-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

എ) വികസന ഫണ്ട് (പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി) എന്നിവയുടെ ഗഡുക്കൾ അനുവദിച്ച വേളയിൽ ലൈഫ് ലോൺ തിരിച്ചടവ് വിഹിതം, അംഗൻവാടി ഹോണറേറിയം എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിരുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവിൽ മേൽ തുകകൾ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, ചെലവിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാൽ, ഫണ്ടുകളുടെ വരവ്, നീക്കിയിരിപ്പ് വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ലൈഫ് ലോൺ | അംഗൻവാടി ഹോണറേറിയം |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 14,12,359 | 10,95,000 |
| വികസനഫണ്ട് (SCP) | 1,86,377 | 0 |
| വികസനഫണ്ട് (TSP) | 1,31,931 | 0 |

ബി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ എന്നിവയിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിക്കുന്ന ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് വിശദാംശങ്ങൾ സ്രോതസ്സും ഇനം തിരിച്ചും ലഭ്യമല്ല.

1-3-2)വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ചെലവ് നിശ്ചിത പരിധി കടന്നില്ല

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നിവയുടെ ആകെ ചെലവ് ശതമാനം 80%ൽ കുറവായാൽ കുറവാകുന്ന തുക അടുത്തവർഷത്തെ ഗ്രാന്റിൽ നിന്നും കുറവുചെയ്യപ്പെടും (15.07.2021-ലെ സ.ഉ(കൈ)നം.79/2021/ധന). കൂടാതെ എസ്.സി.പി./ടി.എസ്.പി. ഫണ്ടുകളിൽ ചെലവഴിക്കാത്ത തുകയിൽ ക്യാരി ഓവർ ചെയ്യുന്ന 20% കഴിച്ചുള്ള തുക(ഷോർട്ട്ഫാൾ) അടുത്തവർഷത്തെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും നീക്കുപോക്ക് ചെയ്യുന്നതാണ്. ഇവിടെ വികസനഫണ്ട് (എസ്.സി.പി.), മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) എന്നിവയിൽ യഥാക്രമം 67%, 73% മാത്രമാണ് ചെലവ് വന്നിട്ടുള്ളത്. കുറവ് വന്ന തുകകൾ പഞ്ചായത്തിന് നഷ്ടമാകുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഇനം | അലോട്ട്മെന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം | ക്യാരി ഓവർ | ലാപ്സായ തുക |
|---|---|---|---|---|---|---|

| | | | | | തുക | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 3183377 | 2147998 | 1035379 | 67.47 | 636675 | 398704 |
| മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 5202519 | 3789550 | 1412963 | 72.84 | 1040504 | 372465 |

എസ്. സി.പി.ഫണ്ടിൽ ലാപ്സായ തുക അടുത്ത വർഷത്തെ പൊതുവിഭാഗം വികസനഫണ്ടിൽ നിന്നും മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ൽ ലാപ്സായ തുക അടുത്ത വർഷത്തെ മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)ൽ നിന്നും ക്രമീകരിക്കുന്നതാണ്.

## 1-4 പദ്ധതി അവലോകനം

2020-21 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 179 | 14,55,56,934 | 137 | 5,33,68,771 | 42 | 76.53 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 6 | 2665530 | 2398630 |
| വെറ്ററിനറി സർജൻ | 4 | 4 | 874000 | 764401 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 8 | 8 | 2251600 | 1793131 |
| സബ് ഇൻസ്പെക്ടർ, ഫിഷറീസ് | 1 | 0 | 615000 | 0 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 2 | 2 | 440400 | 400000 |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 18 | 14 | 91398822 | 20036436 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 3840000 | 2603700 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 600000 | 400000 |
| സെക്രട്ടറി | 47 | 36 | 14193324 | 7532589 |
| ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | 2 | 0 | 130000 | 0 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 82 | 61 | 28548258 | 17439884 |
| ആകെ | 179 | 137 | 145556934 | 53368771 |

പദ്ധതി അംഗീകാരം ലഭിച്ചതിനു ശേഷം പ്രോജക്ടുകൾ ഒഴിവാക്കുന്നതും ഭേദഗതി ചെയ്യുന്നതും പുതിയതായി ഏറ്റെടുക്കുന്നതും കാരണം വാർഷിക പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നുണ്ട്. സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സമയം ലഭിച്ചിട്ടില്ല. കൂടാതെ, ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും നിന്നു ഉയർന്നു വന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായി കരട് പദ്ധതി രേഖയിൽ ഉൾപ്പെടുത്തി വികസന സെമിനാറിൽ അവതരിപ്പിച്ച് അംഗീകാരം നേടിയ പ്രോജക്ടുകളെ അവഗണിച്ച് പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ഇത് കാരണമായിട്ടുണ്ട്. മാത്രമല്ല, പുതിയ പ്രോജക്ടുകളും ഭേദഗതി ചെയ്യുന്ന പ്രോജക്ടുകളും ഗ്രാമസഭകളുടെ അംഗീകാരം നേടുന്നില്ല. ഇത്തരത്തിൽ, വ്യക്തമായ കാരണങ്ങളുടെ അഭാവത്തിൽ പ്രോജക്ടുകൾ ഭേദഗതി ചെയ്യുന്നതും ഉപേക്ഷിക്കുന്നതും പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതും അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയെ തന്നെ ഇല്ലാതാക്കും. വകയിരുത്തിയ പദ്ധതി വിഹിതം തുകയുടെ 36.66% മാത്രമാണ് തൻവർഷം വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്. ധനകാര്യകമ്മീഷൻ ഗ്രാന്റ് തുകയുടെ 47.10% ഉം മെയിന്റനൻസ് ഗ്രാന്റ് റോഡിതരത്തിന്റെ 68.26% ഉം മാത്രമാണ്

വിനിയോഗിച്ചിട്ടുള്ളത്. ഹെഡ്മാസ്റ്റർ, ഫിഷറീസ് ഇൻസ്പെക്ടർ എന്നിവർക്കായി പദ്ധതി തുക വകയിരുത്തിയിരുന്നെങ്കിലും പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1750 | 1135488 | 1137238 | 1135725 | 1513 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 92904237 | 92904237 | 92904237 | 0 |

## 1-6 ക്ഷേമ പദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വിധവകളായ സ്ത്രീകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 90000 | 3 |
| വാർദ്ധക്യകാലപെൻഷൻ | 18735900 | 1276 |
| കർഷകതൊഴിലാളി പെൻഷൻ | 2895900 | 200 |
| വിധവാപെൻഷൻ | 6453000 | 420 |
| 50 വയസിനു മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 149700 | 10 |
| വികലാംഗപെൻഷൻ | 3793400 | 240 |

## 1-7 കാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2022 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹400/- (നാന്നൂറ് രൂപ മാത്രം) യുടെ നീക്കിയിരുപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുള്ളത് കൃത്യമായ ഇടവേളകളിൽ വിലയിരുത്തി, മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തി, ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ കാലികമായി എഴുതി സൂക്ഷിക്കുകയോ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല. ആസ്തികളുടെയും സ്റ്റോക്കുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല. ആസ്തികൾ എല്ലാം തിട്ടപ്പെടുത്തുകയും പരിപാലനം കൃത്യമായി നടത്തുകയും ചെയ്യുന്നില്ല.

വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിച്ചിട്ടില്ല. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടുമാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തുന്നില്ല.

## 1-9 വാർഷികകണക്കുകളിലെ അപാകതകൾ

1.2021-22 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 2380000/-, 2200000/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. പദ്ധതി വിഹിതമായി സർക്കാരിൽ നിന്നും ലഭിച്ച തുകയിൽ സ്രോതസ്സിൽ നിന്നു കുറവു ചെയ്ത തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3.വാർഷിക കണക്കിൽ പരാമർശിച്ചിട്ടുള്ള ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-10 തൊഴിൽ നികുതി ഈടാക്കുവാൻ അവശേഷിക്കുന്നു

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിലെ താഴെ ചേർത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി 2021-22 വർഷം ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ഈഗിൾ മൗണ്ടൻ റിസോർട്ട് | I & II |
| 2 | ടീ ചെറി വില്ല | II |
| 3 | വുഡ്പെക്കർ റിസോർട്ട് | I & II |
| 4 | വിലെറ്റ് വുഡ് റിസോർട്ട് | I & II |
| 5 | ഗ്രേ ഫാംസ്റ്റെഡ് റിസോർട്ട് | II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതുമായി ബന്ധപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (നം.2, 27/10/2022) മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 വാടകകയിനത്തിൽ കുടിശ്ശിക

വാടക രജിസ്റ്റർ പരിശോധിച്ചതിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിലെ വാടകയ്ക്ക് നൽകിയിട്ടുള്ള താഴെപ്പറയുന്ന മുറിയുടെ വാടക ഈടാക്കിയിട്ടില്ല.

| ക്രമ നം. | കെട്ടിട നമ്പർ/മുറി നമ്പർ | വാടക്കാരന്റെ പേര് | പ്രതിമാസം ഇടാക്കേണ്ട വാടക | തുക ഈടാക്കാൻ അവശേഷിക്കുന്ന കാലാവധി | റിമാർക്സ് |
|---|---|---|---|---|---|
| 1. | 4 | ശ്രീ.മോഹനകുമാർ | 1392+ജി എസ്.ടി 250 | 3/2022 | കരാർ ചമച്ചിട്ടുണ്ട്. |
| 2. | 9 | ശ്രീ. ഷൈജ്ജ ഷാജി | 2167+ജി എസ്.ടി 390 | 6/2021, 01/2022, 02/2022, 03/2022 | |
| 3. | 3/319 | ഫേമസ് ബേക്കേഴ്സ് | 3000+ജി എസ്.ടി 540 | 4/2021, 5/2021, 01/2022, 02/2022, 03/2022 | |

ഈടാക്കുവാൻ അവശേഷിക്കുന്ന വാടകക്കുടിശ്ശിക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.8 തീയതി 27/10/2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-12 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകത

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4ാം ചട്ടം 1ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും വെവ്വേറെ വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പ് കാണുക. ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 55/- രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 70/- രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്.

സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം ചുവടെ ചേർത്തിരിക്കുന്ന കെട്ടിടങ്ങളെ "വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഹോട്ടൽ, ഗോഡൗൺ എന്ന ഗണത്തിലാണ് ഉൾപ്പെട്ടിരിക്കുന്നത്."

എന്നാൽ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറ വിസ്തീർണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഹോട്ടൽ, ഗോഡൗൺ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തുനികുതി കണക്കാക്കേണ്ടിയിരുന്നത് (ഫോം 6). ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് വിഭജിച്ച് നമ്പർ നൽകിയപ്പോൾ കെട്ടിടത്തിന്റെ ആകെ വിസ്തീർണം 100 ച.മീറ്ററിൽ അധികരിച്ചത് പരിഗണിക്കാതെ ഓരോ കടമുറിയ്ക്കും പ്രത്യേകമായി നികുതി നിശ്ചയിച്ചതിനാൽ വസ്തു നികുതിയിൽ നഷ്ടം വന്നിട്ടുണ്ട്.

| ക്രമ നം | വാർഡ് നം/കെട്ടിട നം. | കെട്ടിട ഉടമസ്ഥന്റെ പേര് | സഞ്ചയയിലെ ഉപയോഗ ക്രമം | വിസ്തീർണം (ച.മീ) | നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | നിർണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്ക് | അടിസ്ഥാന വസ്തു നികുതിയിലെ നഷ്ടം |
|---|---|---|---|---|---|---|---|
| 1 | 3/364 | കെ.വി ആൽബി | ഷോപ്പ് (ആകെ വിസ്തീർണം – 134.65 ച.കീ.) | 44 | 55 | 70 | 660 (44*15) |
| | 3/364/എ | | | 22.36 | 55 | 70 | 335.4 (22.36*15) |
| | 3/364/ബി | | | 24 | 55 | 70 | 360 (24*15) |
| | 3/364/സി | | | 22.15 | 55 | 70 | 332.25 (22.15*15) |
| | 3/364/ഡി | | | 22.14 | 55 | 70 | 332.1 (22.14*15) |
| 2 | 3/222/എ | ജോബി സക്കറിയ | ഷോപ്പ് (ആകെ വിസ്തീർണം – 120 ച.കീ.) | 72 | 55 | 70 | 1080 (72*15) |
| | 3/222/ബി | | | 24 | 55 | 70 | 360 (24*15) |
| | 3/222/സി | | | 24 | 55 | 70 | 360 (24*15) |

മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ നികുതി നിർണയത്തിലെ അപാകത പരിഹരിച്ച് പുതിയ നിരക്കിലുള്ള നികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പഞ്ചായത്തിൽ മേൽപരാമർശിച്ച പ്രകാരം തെറ്റായ കാറ്റഗറിയിൽ ഉൾപ്പെടുത്തി നികുതി അസസ് ചെയ്തിരിക്കുന്ന മുഴുവൻ കെട്ടിടങ്ങളുടെയും വിവരം പരിശോധിച്ച് നികുതി പുനർനിർണയിക്കേണ്ടതാണ്. അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 11/27/10/2022 ) മറുപടി ലഭ്യമാക്കിയില്ല.

## 1-13 ബി.എസ്.എൻ.എൽ. മൊബൈൽ ടവറിൽ നിന്നും നികുതി ഈടാക്കുന്നില്ല

'സഞ്ചയ' സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ 5/379 കെട്ടിടനമ്പരിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. മൊബൈൽ ടവറിന്റെ വസ്തു നികുതി ചുവടെ ചേർക്കും വിധം കുടിശ്ശികയായി അവശേഷിക്കുന്നു.

| Sl. No | Year | Period | Property Tax | Library Cess | Total |
|---|---|---|---|---|---|
| 1 | 2013 | First Half | 3674 | 184 | 3858 |
| 2 | 2013 | Second Half | 3674 | 184 | 3858 |
| 3 | 2014 | First Half | 3674 | 184 | 3858 |
| 4 | 2014 | Second Half | 3674 | 184 | 3858 |
| 5 | 2015 | First Half | 3674 | 184 | 3858 |
| 6 | 2015 | Second Half | 3674 | 184 | 3858 |
| 7 | 2016 | First Half | 3674 | 184 | 3858 |
| 8 | 2016 | Second Half | 3674 | 184 | 3858 |
| 9 | 2017 | First Half | 3674 | 184 | 3858 |
| 10 | 2017 | Second Half | 3674 | 184 | 3858 |
| 11 | 2018 | First Half | 3674 | 184 | 3858 |
| 12 | 2018 | Second Half | 3674 | 184 | 3858 |

| | | | | | |
|---|---|---|---|---|---|
| 13 | 2019 | First Half | 3674 | 184 | 3858 |
| 14 | 2019 | Second Half | 3674 | 184 | 3858 |
| 15 | 2020 | First Half | 3674 | 184 | 3858 |
| 16 | 2020 | Second Half | 3674 | 184 | 3858 |
| 17 | 2021 | First Half | 3674 | 184 | 3858 |
| 18 | 2021 | Second Half | 3674 | 184 | 3858 |
| 19 | 2022 | First Half | 3674 | 184 | 3858 |
| 20 | 2022 | Second Half | 3674 | 184 | 3858 |
| Total | | | 73480 | 3680 | 77160 |

വസ്തു നികുതി കുടിശ്ശിക ₹77160/- പിരിച്ചെടുക്കുന്നതിന് നിയമ നടപടികൾ ഉൾപ്പെടെയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം. 12/27-10-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-14 ഉപയോഗക്രമത്തിനനുസരിച്ച് നികുതി നിർണയിക്കുന്നില്ല

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി നിർണയ രേഖകളും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകളും, ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത അടിസ്ഥാന വസ്തു നികുതി നിരക്ക് ഈടാക്കാതെ താഴെ കൊടുത്തിരിക്കും വിധം അടിസ്ഥാന വസ്തു നികുതി നിർണയിച്ചിട്ടുണ്ട്.

| ക്രമ നം. | ഡി&ഒ രജിസ്റ്റർ പ്രകാരം ക്രമ നം. | ലൈസൻസിയുടെ/ കെട്ടിട ഉടമയുടെ പേര് | വാർഡ് നം./ കെട്ടിട നമ്പർ | ഉപയോഗ ക്രമം | വിസ്തീർണം (ച.മീ) | സഞ്ചയ പ്രകാരം നിർണയിച്ച അടിസ്ഥാന വസ്തു നികുതി നിരക്ക് | ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച് വിജ്ഞാപനം ചെയ്ത പ്രകാരം ബാധകമായ അടിസ്ഥാന വസ്തു നികുതി നിരക്ക് | ഈടാക്കുന്നതിൽ കുറവ് വന്ന അടിസ്ഥാന വസ്തു നികുതി നിരക്ക് |
|---|---|---|---|---|---|---|---|---|
| 1 | 3 | എം.ഡി കര്യാക്കോസ് | 12/325 | സ്പാ | 42 | 90 | നിരക്ക് നിശ്ചയിച്ചിട്ടില്ല. | |
| 2 | 6 | ഷാജി പൗലോസ് | 12/356 | ഹോംസ്റ്റേ | 89.7 | 7 | 40 | 2960 (89.7*33) |
| 3 | 27 | സി.കെ സുരേന്ദ്രൻ | 7/396/ബി | വാണിജ്യം | 20 | 50 | 55 | 100 (20*5) |
| 4 | 91 | മഞ്ജു സതീഷ് | 10/81 | ടെക്സ്റ്റൈൽസ് | 50 | 50 | 55 | 250 (50*5) |
| 5 | 125 | മോൻസൻ ജോസ് | 9/263 | റിസോർട്ട് | 336 | 40 | 90 | 16800 (336*50) |
| 6 | 137 | ശരത് പി ആർ | 4/422 | വാണിജ്യം | 20 | 50 | 55 | 100 (20*5) |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.9 തീയതി 27/10/2022)ക്ക് മറുപടി ലഭ്യമാക്കിയില്ല. സ്പാ എന്ന ഉപയോഗക്രമത്തിന് (ഖ.1-14-1 കാണുക) നികുതി നിരക്ക് നിശ്ചയിക്കേണ്ടതാണ്. സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിനനുസരിച്ചാണോ അടിസ്ഥാന നികുതി നിരക്ക് നിർണ്ണയിച്ചിട്ടുള്ളതെന്ന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-14-1 ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രത്തിനുള്ള വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ല.

സ.ഉ.(അ) നമ്പർ 36/2015/തസ്വഭവ തീയതി 24-02-2015 പ്രകാരം ആയുർവ്വേദ സുഖ ചികിൽസാ കേന്ദ്രങ്ങൾക്ക് (സ്പാ ഉൾപ്പെടെ) ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണത്തിന് ബാധകമാക്കാവുന്ന കുറഞ്ഞ അടിസ്ഥാന വസ്തു നികുതി നിരക്കായി 150 രൂപയും കൂടിയ നിരക്കായി 160 രൂപയും നിശ്ചയിച്ചിട്ടുണ്ട്. പഞ്ചായത്തിൽ പ്രസ്തുത വസ്തു നികുതി നിരക്ക് നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല. ആയതിനാൽ മേൽ ഉത്തരവിൽ ചേർത്തിരിക്കുന്ന എല്ലാ ഇനങ്ങളുടെയും, സർക്കാർ നിശ്ചയിച്ചിരിക്കുന്ന പരിധിക്കുള്ളിലുള്ള ഉചിതമായ നികുതി നിശ്ചയിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയോട് ശുപാർശ ചെയ്യുന്നു. ഈ വിഷയത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്.

1-15 ടോയ്‌ലറ്റ് മെയിന്റനൻസ് ഇനത്തിൽ തിരിച്ചടച്ച തുക തനത് ഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2020-21 വർഷം തുക അനുവദിച്ച് നടപ്പിലാക്കുകയും തുടർന്ന് 2021-22 വർഷത്തേക്ക് സ്പിൽ ഓവറായി തുടരുകയും ചെയ്ത ടോയ്‌ലറ്റ് മെയിന്റനൻസ് എന്ന പദ്ധതിയിൽ വ്യക്തിപരമായ കാരണങ്ങളാൽ രണ്ട് ഗുണഭോക്താക്കൾ തുക തിരിച്ചടച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്/നമ്പർ | വർഷം | ചെലവഴിച്ച ആകെ പദ്ധതി തുക<br>സംസ്ഥാനാവിഷ്കൃത ഫണ്ട് | തുക തിരിച്ചടച്ച വ്യക്തിയുടെ പേര് | തിരിച്ചടച്ച തുക | രസീത് നമ്പർ / തീയതി | തിരിച്ചടയ്ക്കാനുള്ള കാരണം |
|---|---|---|---|---|---|---|
| ടോയ്‌ലറ്റ് മെയിന്റനൻസ് (205/21) | 2020-21 | 545000 | തോമസ് വി റ്റി | 5000 | 121030100654/ 09.08.2021 | വ്യക്തിപരമായ കാരണങ്ങളാൽ പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല |
| ടോയ്‌ലറ്റ് മെയിന്റനൻസ് (SO0163/22) | 2021-22 | 449440 | വൽസമ്മ ഗോപിനാഥൻ | 5000 | 121030100647/ 06.08.2021 | |

ടോയ്‌ലറ്റ് മെയിന്റനൻസ് എന്ന പദ്ധതി പൂർത്തീകരിക്കാനാവാത്തതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഒടുക്കിയ മേൽ തുക ബന്ധപ്പെട്ട ഹെഡിലേക്ക് തിരികെ ഒടുക്കി വിവരം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3(1)/27.10.2022) മറുപടി ലഭ്യമാക്കിയില്ല.

1-16 ഭവന പുനരുദ്ധാരണം - കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ ധനസഹായം അനുവദിച്ചു

പദ്ധതിയുടെ നം./പേര് - 16/2022 ഭവന പുനരുദ്ധാരണം (വികസന ഫണ്ട്-ജനറൽ)

പദ്ധതി തുക – 1300000/-

ചെലവ് - 1025000/-

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖകൾ പ്രകാരം ഭവന പുനരുദ്ധാരണത്തിന് "പുതിയ വീട് നിർമ്മിച്ച് എട്ട് വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ധനസഹായം അനുവദിക്കാവൂ" എന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷം നടപ്പിലാക്കിയ ഭവന പുനരുദ്ധാരണത്തിൽ (ജനറൽ) ആനുകൂല്യം നൽകിയ ചില ഗുണഭോക്താക്കളുടെ കെട്ടിടങ്ങളുടെ കാലപ്പഴക്കം എട്ട് വർഷത്തിൽ താഴെയാണ് എന്ന് പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്ന കെട്ടിടങ്ങളുടെ കാലപ്പഴക്ക സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര്/ കെട്ടിട നമ്പർ | കെട്ടിടത്തിന്റെ കാലപ്പഴക്കം | അനുവദിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| ബീനാ ബിനോയ് (10/364) | 6 | 25000 | 775636/10.12.2021 |
| | | 25000 | 129891/24.05.2022 |
| ഷൈജു എൻ പി (2/83) | 7 | 25000 | 775636/10.12.2021 |
| | | 25000 | 936522/13.01.2022 |

കെട്ടിടത്തിന്റെ കാലപ്പഴക്കം പരിഗണിക്കാതെ ഭവന പുനരുദ്ധാരണ ധനസഹായം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് 28.10.2022 ൽ നൽകിയ 16 -ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാതെ ഭവന പുനരുദ്ധാരണത്തിന് ധനസഹായം നൽകിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

1-17 ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചു

2021-22 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര് - വനരാജ്, കോമാളിക്കുടി, ബൈസൺവാലി

അക്കൗണ്ട് നമ്പർ - 120121200920142

നൽകിയ തുക – 90000/-

ബിൽ നമ്പർ/ തുക - 29/08.11.2021, 2840000/- (ജില്ലാ പഞ്ചായത്ത് ഫണ്ട്)

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/28.10.2022) മറുപടി ലഭ്യമാക്കിയില്ല. അനർഹമായി അനുവദിച്ച 90000/ രൂപ മേൽ വ്യക്തിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-18 സാമൂഹ്യപെൻഷൻ വിതരണത്തിലെ അപാകത

2021 ഏപ്രിൽ മുതൽ 2022 മാർച്ച് വരെയുള്ള പഞ്ചായത്തിലെ മരണ റിപ്പോർട്ടും ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ നിക്ഷേപിക്കുകയോ തുക അനുവദിക്കുകയോ ചെയ്തിട്ടുണ്ട്.

| ക്രമ നം. | പേരും വിലാസവും | പെൻഷൻ ഐ.ഡി | മരണപ്പെട്ട തിയതി/ മരണം രജിസ്റ്റർ ചെയ്ത തിയതി | അനർഹമായി പെൻഷൻ അനുവദിച്ച കാലയളവ് | പെൻഷൻ സ്റ്റാറ്റസ് | പെൻഷൻ നൽകുന്ന സ്ഥാപനം | അധികം അനുവദിച്ച പെൻഷൻ |
|---|---|---|---|---|---|---|---|
| 1 | ബേബി, കുന്നുംപുറത്ത്, പൊട്ടൻകാട് പി.ഒ | Xxxxxxxx0527 | 02.01.22/ 12.01.2022 | 01/2022-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 5400 |
| 2 | ഫിലിപ്പോസ് , കൊച്ചുമറ്റത്തിൽ, പൊട്ടൻകാട്, | Xxxxxxxx0166 | 02.01.22/ 12.01.2022 | 01/2022-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 5400 |
| 3 | ജോസഫ് മുകളേൽ, പൊട്ടൻകാട് | Xxxxxxxx0747 | 21.12.2021/ 02.01.22 | 12/2021-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 16000 |
| 4 | മേരി വർഗ്ഗീസ് കൊല്ലംകുന്നേൽ, പൊട്ടൻകാട്, | Xxxxxxxx0084 | 25.01.2022/ 15.02.2022 | 01/2022-9/2022 | ആക്ടീവ് | കർഷക തൊഴിലാളി പെൻഷൻ - | 16000 |
| 5 | ത്രേസ്യാമ്മ ഗാസ്പറ് - പുത്തൻ പുരയ്ക്കൽ, പൊട്ടൻകാട്, | Xxxxxxxx0166 | 30.12.2021/ 04.03.2022 | 12/2021-9/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 16000 |
| 6 | പി ചീനി ഇരുട്ടള, നെല്ലിക്കാട്, പൊട്ടൻകാട് | Xxxxxxxx0120 | 06.03.2022/ 17.03.2022 | 03/2022-09/2022 | ആക്ടീവ് | കർഷക തൊഴിലാളി പെൻഷൻ | 11200 |
| 7 | രവീന്ദ്രൻ - നീലിയാനികുന്നേൽ, ഉപ്പാർ, പൊട്ടൻകാട് | Xxxxxxxx0228 | 07.06.2021/ 18.06.2022 | 06/2021-09/2022 | ആക്ടീവ് | കർഷക തൊഴിലാളി പെൻഷൻ | 25600 |
| 8 | പൗലോസ് ഔസേഫ് മാന്തോട്ടത്തിൽ, പൊട്ടൻകാട് | Xxxxxxxx0044 | 01.07.2021/ 14/07/2021 | 07/2021-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 24000 |
| 9 | ഗോപാലകൃഷ്ണൻ - ചാലാടിയിൽ, | Xxxxxxxx1300 | 20.07.2021/ 17.08.2021 | 07/2021-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- | 24000 |

| | | | | | | | |
|---|---|---|---|---|---|---|---|
| | ജോസ്ഗിരി പി ഒ , ജോസ്ഗിരി P. O, | | | | | ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | |
| 10 | ജയദേവൻ പാപ്പനാട്ട്, പൊട്ടൻകാട് | Xxxxxxxx0764 | 06.08.2021/ 25.08.2021 | 08/2021-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 22400 |
| 11 | തങ്കമ്മ ശ്രീധരൻ കോവൂർ, ദേശീയം, പൊട്ടൻകാട് | Xxxxxxxx0171 | 03.09.2021/ 14.09.2021 | 09/2021-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 20800 |
| 12 | തുളസി ഭായി - പുത്തൻപുരയ്ക്കൽ, ബൈസൺവാലി | Xxxxxxxx0239 | 09.09.2021/ 25.09.2022 | 09/2021-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 20800 |
| 13 | മരിയപുഷ്പം പുതുക്കാട് ഡിവിഷൻ, ആറ്റുകാട്, പള്ളിവാസൽ എസ്റ്റേറ്റ് | Xxxxxxxx0215 | 25.10.2021/ 09/11/2021 | 10/2021-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് | 19200 |
| 14 | തങ്കപ്പൻ പാലത്തറ, ബൈസൺവാലി, | Xxxxxxxx0518 | 31.10.2021/20.11.2021 | 10/2021-09/2022 | ആക്ടീവ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 19200 |
| 15 | മാണി മാവേലിക്കുന്നേൽ എല്ലയ്ക്കൽ P. O | Xxxxxxxx0777 | 08.12.2021/18.12.2021 | 12/2021-6/2022 | സസ്പെൻഡ് | വാർദ്ധ്യക്യകാല പെൻഷൻ- ബൈസൺ വാലി ഗ്രാമപഞ്ചായത്ത് | 11200 |
| 16 | സരള പളാതോടത്തിൽ, ബൈസൺവാലി, ബൈസൺവാലി | Xxxxxxxx0318 | 22.12.2021/30.12.2021 | 12/2021-09/2022 | ആക്ടീവ് | ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം | 16000 |

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവരുടെ വിവരങ്ങൾ മാത്രമാണ് പട്ടികയിൽ നൽകിയിട്ടുള്ളത്.

അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡ 23.09.2020-ലെ സ.ഉ(സാധാ)67/2020/ധന. ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക 12-ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഖണ്ഡിക 13 പ്രകാരം പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും അനർഹമായി തുക കൈപ്പറ്റുന്നപക്ഷം അനർഹമായി തുക ലഭിച്ച അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദേശിച്ചിട്ടുണ്ട്. മരണപ്പെട്ടവരെയും അനർഹരായവരെയും പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടത് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണെന്ന് 05.11.2020-ലെ നം.67/2020/ധന. സർക്കുലർ പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ തുക ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് സ.ഉ(സാധാ)381/2017/ധന., തീ. 17.08.2017-ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (27/10/2022)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 ലൈഫ് ഭവന പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതമായി അനുവദിച്ച തുക - അപാകത

2021-22 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവനപദ്ധതിയിലെ ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 2380000 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക അക്കൌണ്ട്സിലും സുലേഖ സ്റ്റേറ്റ്മെന്റിലും ഉൾപ്പെട്ടിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽ നമ്പർ/ തീയതി |
|---|---|---|---|
| 1 | രത്ന സ്വാമി | 150000 | 1088963/11.02.2022 |
| 2 | സുബ്രമണ്യൻ | 90000 | 1088963/11.02.2022 |
| 3 | വീര ലക്ഷ്മി | 150000 | 1088963/11.02.2022 |
| 4 | പൽരാജ് | 150000 | 1088963/11.02.2022 |
| 5 | ശുഭരാജ് | 100000 | 1088963/11.02.2022 |
| 6 | കുമാരപ്പൻ | 160000 | 1088963/11.02.2022 |
| 7 | രാധിക | 160000 | 1088963/11.02.2022 |
| 8 | വിഷ്ണു | 110000 | 1088963/11.02.2022 |
| 9 | രാജു | 150000 | 1088963/11.02.2022 |
| 10 | മരുത മുത്തു | 150000 | 1088963/11.02.2022 |
| 11 | വേലുസ്വാമി | 150000 | 1088963/11.02.2022 |
| 12 | റോബർട്ട് | 50000 | 1088963/11.02.2022 |
| 13 | ജാൻസി | 50000 | 1088963/11.02.2022 |
| 14 | പവിഴം | 150000 | 1088963/11.02.2022 |
| 15 | അർജ്ജുനൻ | 160000 | 1088963/11.02.2022 |
| 16 | ഭവാനി | 210000 | 1088963/11.02.2022 |
| 17 | മോഹനൻ | 150000 | 1088963/11.02.2022 |
| 18 | വെള്ളയമ്മ | 90000 | 1088963/11.02.2022 |
| | ആകെ | 2380000 | |

ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിക്കുന്ന തുകകൾ യഥാവിധി അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ പഞ്ചായത്തിന് ഓരോ വർഷവും ഈയിനത്തിൽ ലഭിക്കുന്ന പദ്ധതിവിഹിതത്തിന്റെ ആകെ വരവ്, ചെലവ് എന്നിവയുടെ പൊതുവിവരം ലഭിക്കുന്നില്ല. അതിനാൽ മേൽ ചെലവ് വിവരം സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

1-19-1 ലൈഫ് ഭവന പദ്ധതി - ജില്ലാ പഞ്ചായത്ത് വിഹിതം നൽകൽ - അപാകത

2021-22 വർഷം വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ ലൈഫ് ഭവന പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ജില്ലാ പഞ്ചായത്ത് വിഹിതമായി 2200000 രൂപ അനുവദിച്ചിട്ടുണ്ട് എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു എങ്കിലും ചെലവ് സാധൂകരിക്കുന്ന ബില്ല് ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | തുക ക്രഡിറ്റ് ആയി എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തീയതി |
|---|---|---|---|
| 1 | മേനക | 200000 | 24.03.2022 |
| 2 | രത്ന സ്വാമി | 100000 | 24.03.2022 |
| 3 | കൽപന | 160000 | 24.03.2022 |
| 4 | അല്ലി മുത്തു | 160000 | 24.03.2022 |
| 5 | എൽസമ്മ | 120000 | 24.03.2022 |
| 6 | സുബ്ബരാജൻ | 50000 | 24.03.2022 |
| 7 | രാജകുമാരൻ | 160000 | 24.03.2022 |
| 8 | വാണി | 150000 | 24.03.2022 |

| | | | |
|---|---|---|---|
| 9 | രാധിക | 150000 | 24.03.2022 |
| 10 | പുഷ്പൻ | 110000 | 24.03.2022 |
| 11 | ജയലക്ഷ്മി | 150000 | 24.03.2022 |
| 12 | രാമരാജ് | 110000 | 24.03.2022 |
| 13 | രാജേശ്വരി | 110000 | 24.03.2022 |
| 14 | പളനിയപ്പൻ | 110000 | 24.03.2022 |
| 15 | ജയപാൽ | 90000 | 24.03.2022 |
| 16 | പരശുരാമൻ | 90000 | 24.03.2022 |
| 17 | രാമൻ | 90000 | 24.03.2022 |
| 18 | സ്വർണ്ണ ലക്ഷ്മി | 90000 | 24.03.2022 |
| | ആകെ | 2200000 | |

മേൽ ചെലവ് സുലേഖ സ്റ്റേറ്റ്മെന്റിലും വാർഷിക അക്കൌണ്ട്സിലും ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ചെലവ് നടന്നിട്ടുണ്ടോ എന്നും വ്യക്തമല്ല. പ്രസ്തുത വ്യക്തികൾക്ക് ധനസഹായം നൽകിയതിന്റെ ബിൽ/മറ്റ് രേഖകൾ എന്നിവ ഹാജരാക്കേണ്ടതാണ്.

### 1-20 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭ്യമായില്ല

PF1147/10.12.2021 നമ്പർ പ്രൊഫോർമ ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ ഹോമിയോ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ബിൽ നം.2110752010200793162/16.12.21 പ്രകാരം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ₹200000/- പിൻവലിച്ച് ഹോമിയോപ്പതി മെഡിക്കൽ കോർപ്പറേഷന് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-21 വാഹന വാടക - അധികം നൽകിയത്.

അസി. എൻജിനീയർ ഔദ്യോഗിക ആവശ്യങ്ങൾക്കായി 01.09.2021 മുതൽ 30.09.2021 വരെ (ട്രിപ്പ് ഷീറ്റ് നം.5/01.09.2021 – 18/30.09.2021) വാടകയ്ക്ക് എടുത്തിരുന്ന വാഹനം ആകെ 519 കി.മീ. ഓടിയതിന് (ട്രിപ്പ് ഷീറ്റ് നം.5/01.09.2021 – 18/25.09.2021 വരെ) കി.മീറ്ററിന് 20/- നിരക്കിൽ 10380/- ആണ് നൽകേണ്ടിയിരുന്നത്. എന്നാൽ വൗച്ചർ നം.22100486/21.10.2021 പ്രകാരം 15500/- നൽകിയിട്ടുണ്ട്. ഇപ്രകാരം 5120/- അധികം നൽകിയതിന് കാരണം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.15/28-10-2022ന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച 5120/- ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അധികം ചെലവഴിച്ച ₹5120/- തടസ്സപ്പെടുത്തുന്നു.

### 1-22 വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നത്

വിവിധ പദ്ധതികൾക്കായി ലഭിച്ച തുകകളിൽ താഴെ വിവരിക്കുന്ന തുകകൾ ചെലവഴിക്കാതെ അവശേഷിക്കുന്നതായി വാർഷിക ധനകാര്യ പത്രികയിലെ B-4 പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകൾ യഥാവിധി ചെലവഴിക്കുകയോ അല്ലാത്തപക്ഷം ബന്ധപ്പെട്ട ഹെഡുകളിൽ തിരിച്ചടയ്ക്കുകയോ ചെയ്യേണ്ടതാണ്.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | ഇനം | തുക |
|---|---|---|---|
| 1 | 320100115 | Tsc | 1001076 |
| 2 | 320200299 | Anganvadi | 57000 |
| 3 | 320200305 | Krishi | 4975000 |
| 4 | 320100102 | Jalanidhi | 1743131 |
| 5 | 320800199 | Jv | 450000 |

### 1-23 പഞ്ചായത്ത് ഓഫിസിലേക്ക് സോളാർ പാനൽ സ്ഥാപിക്കൽ-അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 08/22 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പദ്ധതി അടങ്കൽ | ₹875000/-(വികസന ഫണ്ട് ജനറൽ) |
| ബിൽ നം./തീയതി&തുക | 21100752010200706179/26.11.2021;₹726000/- |

ഗ്രാമ പഞ്ചായത്ത് ഓഫിസിലേക്ക് 5kw ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതിയുടെ നിർവ്വഹണം അനെർട്ട് ഇടുക്കി ജില്ലാ ഓഫീസ് മുഖാന്തിരം നടത്തുവാൻ 05.07.2021ലെ 1(1) നമ്പർ അജണ്ട പ്രകാരം പഞ്ചായത്ത് ഭരണ സമിതി തീരമാനമെടുത്തിരുന്നു. അനെർട്ട് തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള

പദ്ധതി ചെലവ് തുക ₹726000/-ബിൽ നം.2110075201020070б179/26.11.2021 പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അനെർട്ടിലേക്ക് ഡെപ്പോസിറ്റ് നടത്തുകയും ചെയ്തിട്ടുണ്ട്. അനെർട്ടിന്റെ അംഗീകാരത്തോടു കൂടി തിരുവനന്തപുരത്തുള്ള നെറ്റ് വിഷൻ എന്ന സ്ഥാപനമാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തും അനെർട്ടും തമ്മിൽ 03/2021-22 തീ.28.10.2021 നമ്പർ കരാർ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1.ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല

സംസ്ഥാനത്ത് സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് യോഗ്യത നേടിയ നിർവ്വഹണ ഏജൻസികളുടെ ലിസ്റ്റ് അനെർട്ട് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പട്ടികയിൽ നിന്നും നിയന്ത്രിത ടെണ്ടർ നടപടികളിലൂടെ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്യുന്ന സ്ഥാപനത്തെയായിരിക്കും നിർവ്വഹണ ചുമതല ഏൽപിക്കുകയെന്നും പ്രസ്തുത ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കുന്നതാണെന്നും അനെർട്ടുമായുള്ള കരാറിലെ വ്യവസ്ഥ 5 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിന് ലഭ്യമാക്കിയിട്ടില്ല.

2. ത്രികക്ഷി കരാറിലേർപ്പെട്ടിട്ടില്ല

ടെണ്ടർ പ്രക്രിയയിൽ L1 ആകുന്ന സ്ഥാപനം, അനെർട്ട്, ഗുണഭോക്തൃ സ്ഥാപനമായ ഗ്രാമ പഞ്ചായത്ത് എന്നിവർ തമ്മിൽ പവർ പ്ലാന്റിന്റെ സ്ഥാപനം, കമ്മീഷനിംഗ്, പരിപാലനം എന്നിവയുമായി ബന്ധപ്പെട്ട് ഒരു ത്രികക്ഷി കരാറിലേർപ്പെടണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു(വ്യവസ്ഥ നം.6). എന്നാൽ ഇത്തരത്തിലുള്ള കരാറിൽ ഒപ്പു വയ്ക്കാതെയാണ് പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്.

3. സോളാർ പാനലിന്റെ സ്പെസിഫിക്കേഷൻ വിവരങ്ങൾ ലഭ്യമല്ല

സോളാർ പാനലുമായി ബന്ധപ്പെട്ട് സ്ഥാപിച്ചിട്ടുള്ള ഉപകരണങ്ങളുടെ ടാക്സ് ഇൻവോയ്സ് ബില്ലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കരാറുടമ്പടിയുടെ അനുബന്ധമായി വച്ചിട്ടുള്ള എസ്റ്റിമേറ്റിൽ നിഷ്കർഷിച്ചിട്ടുള്ള അളവിലും രീതിയിലും അനെർട്ടിന്റെ നേതൃത്വത്തിൽ പദ്ധതി പൂർത്തിയാക്കുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ കരാറുടമ്പടിയുടെ അനുബന്ധമായിട്ടുള്ള എസ്റ്റിമേറ്റ്, സ്ഥാപിച്ച ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

4.പദ്ധതി ചെലവ് വിശദാംശങ്ങൾ ലഭ്യമല്ല

ടെണ്ടർ നടപടികൾ പൂർത്തിയാക്കി പവർ പ്ലാന്റ് സ്ഥാപിക്കുമ്പോൾ ചെലവാക്കുന്ന തുക (വർക്ക് ഓർഡർ തുക) പദ്ധതിക്കായി സ്ഥാപനം ഡെപ്പോസിറ്റ് ചെയ്ത തുകയേക്കാൾ കുറവാണെങ്കിൽ അത് കിഴിച്ച് ബാക്കി തുക അനെർട്ട് ഗ്രാമ പഞ്ചായത്തിന് തിരികെ നൽകണമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ വർക്ക് ഓർഡർ തുക, പദ്ധതി ചെലവ് തുടങ്ങിയ വിശദാംശങ്ങൾ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

5.പദ്ധതിയുടെ തുടർ പരിപാലനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല

വാറന്റി കാലാവധിക്കുള്ളിൽ വരുന്ന എല്ലാ അറ്റകുറ്റ പണികളും നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്വത്തിൽ ചെയ്യേണ്ടതാണെന്നും വാറന്റി കാലാവധിക്കു ശേഷം വരുന്ന അറ്റകുറ്റ പണികൾ ഗുണഭോക്താവ് നേരിട്ടോ ഏജൻസി മുഖാന്തിരം AMC ആയോ മറ്റ് ഏജൻസികൾ വഴിയോ നടത്താവുന്നതാണെന്നും കരാറിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ ഉപകരണങ്ങളുടെ വാറന്റി, ടാക്സ് ഇൻവോയ്സ് ബിൽ മുതലായവ ഗ്രാമ പഞ്ചായത്തിൽ ലഭ്യമല്ല.

6.പദ്ധതി ഗ്രാമ പഞ്ചായത്തിന് പ്രയോജനകരമായിട്ടില്ല

സോളാർ പവർ പ്ലാന്റ് ഗ്രാമ പഞ്ചായത്തിനു അഭികാമ്യമാണോ എന്നതു സംബന്ധിച്ച് യാതൊരു സാധ്യത പഠനവും നടത്താതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതുവഴി ഗ്രാമ പഞ്ചായത്തിനുണ്ടാകാവുന്ന നേട്ടങ്ങൾ, അനുകൂലവും പ്രതികൂലവുമായ ഘടകങ്ങൾ എന്നിവ സംബന്ധിച്ച് അനെർട്ട് മുഖേന വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കാമായിരുന്നെങ്കിലും ഇത്തരം ഘടകങ്ങൾ പരിശോധനാ വിധേയമാക്കാതെയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. സോളാർ പവർ പാനൽ ഗ്രാമ പഞ്ചായത്തിൽ സ്ഥാപിക്കുന്നതിനുമുമ്പുള്ള ശരാശരി വൈദ്യുതി ചാർജ്ജ് ഏകദേശം₹11000/- (2 മാസം) ആയിരുന്നു. സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചതിനു ശേഷമുള്ള വൈദ്യുതി ബില്ലുകൾ പരിശോധിച്ചതിൽ ഓഫിസ് വൈദ്യുതി ചാർജ്ജിനത്തിൽ കാര്യമായ കുറവ് വന്നിട്ടില്ലെന്ന് കാണുന്നു. സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചതിനു ശേഷമുള്ള ശരാശരി പ്രതിമാസ വൈദ്യുതി ചാർജ്ജ് ₹4600/-യാണ്. സോളാർ പവർ പ്ലാന്റ് സ്ഥാപിച്ചതിനു ശേഷം വൈദ്യുതി ചാർജ്ജിനത്തിൽ പ്രതിമാസം കേവലം ₹900/-യുടെ കുറവുമാത്രമാണുണ്ടായിട്ടുള്ളത്. പദ്ധതിക്കായി ₹726000/-മുടക്കിയിട്ടുണ്ടെങ്കിലും പദ്ധതി കൊണ്ട് ഗ്രാമ പഞ്ചായത്തിന് കാര്യമായ പ്രയോജനമൊന്നുമുണ്ടായിട്ടില്ല.

പദ്ധതി നടത്തിപ്പിലെ അപാകകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( എൻക്വയറി നം. 1/27.10.2022) വിശദീകരണമൊന്നും നൽകിയിട്ടില്ല. പദ്ധതി പ്രയോജനകരമാകാത്തതിനാലും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാലും ₹726000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 തെരുവുവിളക്ക് അറ്റകുറ്റപണികൾ-ബൾബുകൾ പുന:സ്ഥാപിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 127/22 |
| പദ്ധതി അടങ്കൽ | ₹654639/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി, ഗ്രാമ പഞ്ചായത്ത് |
| ബിൽ നം./തീയതി&തുക | 21100752010201020123757З/3.3.2021; ₹570462/- |

നിലവിലുള്ള ലൈറ്റുകൾക്കു പകരം 20W LED, 40W LED ലൈറ്റുകൾ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി നിർവ്വഹണത്തിനായി ഇ-ടെണ്ടർ ക്ഷണിച്ചതിൽ 1 ടെണ്ടർ മാത്രമാണ് ലഭ്യമായത്. ആദ്യ ടെണ്ടറിലും ഒരാൾ മാത്രമാണ് പങ്കെടുത്തത് എന്ന കാരണത്താൽ ₹647856/-ക്വോട്ട് ചെയ്ത കാരിയേലിൽ ഇലക്ട്രിക്കൽസ് എനർജി&വാട്ടർ വിംഗ്സ് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 15.12.2021 ലെ 1(1) നം. തീരുമാന പ്രകാരം പഞ്ചായത്ത് ഭരണ സമിതി അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ടാക്സ് ഇൻവോയ്സ് BB60/04.02.2022 പ്രകാരം 20W LED ബൾബുകൾ 300 എണ്ണം, 40W LED ബൾബുകൾ 65 എണ്ണം, അനുബന്ധ സാമഗ്രികൾ എന്നിവ സപ്ലൈ ചെയ്ത ഇനത്തിൽ കരാറുകാരന് ₹570462/-നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ സപ്ലൈ ചെയ്ത ഉപകരണങ്ങൾ തെരുവുകളിൽ സ്ഥാപിച്ചിട്ടുള്ളതിന്റെ യാതൊരു രേഖകളും ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. നീക്കം ചെയ്ത ബൾബുകൾ, പുനഃസ്ഥാപിച്ച ലൈറ്റുകൾ എന്നിവയുടെ വിവരങ്ങളടങ്ങുന്ന തെരുവു വിളക്ക രജിസ്റ്ററും ഗ്രാമ പഞ്ചായത്തിൽ പരിപാലിച്ചിട്ടില്ല. ടെണ്ടർ വ്യവസ്ഥകൾ പ്രകാരം തെരുവു വിളക്കുകൾ പുനഃസ്ഥാപിക്കേണ്ട ചുമതല കരാറുകാരനായിരുന്നു. തെരുവുവിളക്കുകളുടെ സ്ഥാപനം, പരിപാലനം, വാറന്റി കാലാവധി എന്നിവ സംബന്ധിച്ച് കരാറുകാരനുമായി നിയമാനുസൃത കരാർ ഒപ്പു വയ്ക്കാതെയാണ് പദ്ധതി തുക കരാറുകാരന് കൈമാറിയിട്ടുള്ളത്. സപ്ലൈ ചെയ്യുന്ന സാധനങ്ങൾ ബ്രാൻഡഡ് ഇനങ്ങൾ ആയിരിക്കണമെന്നും സാധനങ്ങളുടെ സാമ്പിളുകൾ ഗ്രാമ പഞ്ചായത്തിൽ ഹാജരാക്കി അംഗീകാരം നേടിയിരിക്കണമെന്നും ടെണ്ടറിൽ വ്യക്തമാക്കിയിരുന്നെങ്കിലും സപ്ലൈ ചെയ്തിട്ടുള്ള വൈദ്യുത ഉപകരണങ്ങളുടെ ബ്രാൻഡ് നെയിം ടെണ്ടറിലും ടാക്സ് ഇൻവോയ്സിലും വ്യക്തമാക്കിയിട്ടില്ല. സപ്ലൈ ചെയ്ത സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിച്ച് ഉറപ്പു വരുത്തുകയും ചെയ്തിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(എൻക്വയറി നം.2/27.10.22) മറുപടി നൽകിയിട്ടില്ല. ₹570462/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 ഇ-ടെണ്ടറിൽ ലഭിക്കുന്ന ടെണ്ടർ ഫാറവില പഞ്ചായത്തിന്റെ തനതു ഫണ്ടിൽ ലഭിച്ചിട്ടില്ല.

അഞ്ചു ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ.(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജീനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2021-22 സാമ്പത്തിക വർഷം ഈ-ടെൻഡർ നടപടികളിലൂടെ 01 പ്രോജക്ടു മാത്രമാണ് നടപ്പാക്കിയിട്ടുള്ളത് എങ്കിലും പ്രസ്തുത തുകകളിൽ തിരികെ നല്കിയ നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുക ₹3360/(ടെൻഡർ ഫോം വില₹1680/-നിരക്കിൽ 2 പേരുടെ) ഗ്രാമപഞ്ചായത്തിന് കൈമാറി ലഭിച്ചിട്ടില്ല. ഈ തുകയും ഇപ്രകാരം മുൻ വർഷങ്ങളിൽ നിക്ഷേപിക്കപ്പെട്ട തുകകളും വിശദമായ പട്ടിക തയ്യാറാക്കി ആവശ്യപ്പെട്ട് എക്സിക്യൂട്ടീവ് എൻജിനീയറിൽ നിന്നും ലഭ്യമാക്കി തനതു ഫണ്ടിൽ കൂട്ടുന്നതിനും പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ തന്നെ ഭാവിയിൽ ഇ-ടെണ്ടർ ഇടപാടുകൾ നടത്തുന്നതിനും സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

### 1-26 പഞ്ചായത്ത് ഓഫീസിലേക്ക് ടു വീലർ വാങ്ങൽ -പദ്ധതി പ്രയോജനകരമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി ഗ്രാമ പഞ്ചായത്ത് |
| പ്രോജക്റ്റ് നം. | 17/22 |
| പദ്ധതി അടങ്കൽ | ₹90000/- (വികസന ഫണ്ട് ജനറൽ) |
| ബിൽ നം./തീയതി&തുക | ₹22100752010200171028/06.06.2022;₹62966/- |

ഗ്രാമ പഞ്ചായത്ത് ആവശ്യത്തിനായി GEM മുഖേന B5 V1 മോഡൽ സ്കൂട്ടർ 29.03.2022 ൽ വാങ്ങിയിട്ടുണ്ടെങ്കിലും പദ്ധതി നാളിതുവരെയും പ്രയോജനകരമായിട്ടില്ല. സ്കൂട്ടറിന്റെ ഉപയോഗ ക്രമം സംബന്ധിച്ച് വിശദമായ ഓഫിസ് ഉത്തരവ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത വാഹനം നാളിതുവരെയും ഓഫിസ് ആവശ്യത്തിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. വാഹനം ഓഫീസ് ഉപയോഗത്തിനായി പ്രയോജനപ്പെടുത്താത്തതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (എൻക്വയറി നം.3/27.10.2022) മറുപടി നൽകിയിട്ടില്ല. വാഹനം നിഷ്ക്രിയ ആസ്തിയായി പരിണമിക്കാതിരിക്കാനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 കുഴൽ കിണർ നിർമ്മാണം-നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മാണത്തിനായി താഴെ പറയും പ്രകാരം ₹366582/- ഭൂജല വകുപ്പിൽ ഒടുക്കിയിട്ടുണ്ട്. വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ തുക ഒടുക്കിയിട്ടുണ്ടെങ്കിലും പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി | വൌച്ചർ നം./തീയതി | ചെലവ് തുക(₹) |
|---|---|---|---|
| 1 | 378/22, ഇല്ലിസിറ്റി കുഴൽ കിണർ നിർമ്മാണം | ബിൽ നം.211007520102012270 51/09.02.2022 | 77345 |
| 2 | 111/22, ഇരുട്ടള കുഴൽ കിണർ നിർമ്മാണം | വൗച്ചർ നം.947/17.22 | 46497 |
| 3 | 178/22, കണിയാംകണ്ടം പുരയിടം കുഴൽകിണർ നിർമ്മാണം | ബിൽ നം.21100752010201227059/18.02.2022 | 56973 |
| 4 | 110/22, നെല്ലിക്കാട് കുഴൽ കിണർ നിർമ്മാണം | വൗച്ചർ നം.947/17.22 | 64241 |
| 5 | കാവുങ്കൽ പടി പുരയിടം കുഴൽ കിണർ നിർമ്മാണം | ബിൽ നം.21100752010201227045/09.02.2022 | 65709 |
| 6 | 109/22, പി.ഒ പടി കുഴൽകിണർ നിർമ്മാണം | വൗച്ചർ നം.946/17.22 | 55813 |
| | ആകെ | | 366578 |

മേൽ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഭരണ സമിതി ഉറപ്പാക്കേണ്ടതാണ്. കൂടാതെ കുഴൽ കിണർ നിർമ്മാണം നടത്തിയാൽ പിന്നീട് മോട്ടോർ സ്ഥാപിക്കുന്നതിനും കുടിവെള്ളം ലഭ്യമാക്കുന്നതിനും തുടർ പദ്ധതികൾ നടപ്പാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതികളുടെ നിർവ്വഹണ പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ₹366578/- ന്റെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക കണക്കുകൾ പരിശോധിച്ച വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | ഓഡിറ്റിനൊപ്പം പരിശോധിച്ച | സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. |

## 4-2 സംയുക്ത പദ്ധതികൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തൻവർഷം ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ്(₹) | ബാലൻസ്(₹) |
|---|---|---|---|---|
| അടിമാലി ബ്ലോക്ക് പഞ്ചായത്ത് | 279749 | സാന്ത്വന പരിചരണം(11/22) | 279749 | 0 |
| | 183900 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (17/22) | 183900 | 0 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 220000 | നെൽ കർഷകർക്ക് കൂലി ചെലവ്(27/22) | 220000 | 0 |
| | 250000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (17/22) | 250000 | 0 |
| | 300000 | ക്ഷീര കർഷകർക്ക് ഉല്പാദക ഇൻസെന്റീവ്(32/22) | 300000 | 0 |
| | 4580000 | ലൈഫ് ഭവന പദ്ധതി | 4580000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| 1 | ജില്ലാ ഗ്രൗണ്ട് വാട്ടർ അതോറിറ്റി, ഇടുക്കി തൊടുപുഴ | ഇല്ലിസിറ്റി കുഴൽ കിണർ നിർമ്മാണം(177/22) | 21100752010201227051/ 09.02.22 | 77345 | 0 | 77345 |
| 2 | | ഇരുട്ടള കുഴൽ കിണർ നിർമ്മാണ പദ്ധതി(111/22) | വൗച്ചർ നം947/17.03.22 | 46497 | 0 | 46497 |
| 3 | | കണിയാംകണ്ടം പുരയിടം കുഴൽ കിണർ നിർമ്മാണ പദ്ധതി(178/22) | 21100752010201227059/ 18.02.22 | 56973 | 0 | 56973 |
| 4 | | നെല്ലിക്കാട് കുഴൽ കിണർ നിർമ്മാണ പദ്ധതി(110/22) | വൗച്ചർ 947/17.03.22 | 64241 | 0 | 64241 |
| 5 | | കാവുങ്കൽ പടി പുരയിടം കുഴൽ കിണർ നിർമ്മാണം | 21100752010201227045/ 09.02.22 | 65709 | 0 | 65709 |
| 6 | | പി.ഒ പടി കുഴൽ കിണർ നിർമ്മാണം(109/22) | വൗച്ചർ 946/17.3.22 | 55813 | 0 | 55813 |

## 4-4 മൊബിലൈസേഷൻ മുൻകൂർ വിവരം

-ഇല്ല -

## 4-5 വായപ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹540000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | തൻ വർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(കൈ)68/18 /ത.സ്വ.ഭ.വ തീ.18.5.18 | 540000 | 19287926 | 1730667 | | 18097259 |

ലൈഫ് ഭവന പദ്ധതി വായ്പ തിരിച്ചടവിനത്തിൽ മുൻ വർഷം ₹778132/- വികസനഫണ്ട് അലോട്ട്മെന്റ് തുകയിൽ നിന്നും കുറവ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത തിരിച്ചടവ് സാംഖ്യ അക്കൗണ്ടിൽ പ്രതിഫലിച്ചിട്ടില്ല. വാർഷിക കണക്കുകൾ പ്രകാരം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന തുക ₹19080608/-യാണ്. വായ്പ രജിസ്റ്റർ കാലികമാക്കി തിരിച്ചടയ്ക്കുവാൻ അവശേഷിക്കുന്ന വായ്പ തുകയുടെ കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.

## 4-6 സ്ഥിര നിക്ഷേപം

-ഇല്ല -

## 4-7 ഓഡിറ്റ് റിക്കവറി

-ഇല്ല -

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ്-23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 2-1<br>2-3 | 2016-17 | അനുബന്ധം 3 & 4 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തൽസ്ഥിതി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| | | | | സർചാർജ് സർട്ടിഫിക്കറ്റ് | | | | കോടതി വ്യവഹാരങ്ങളിൽ | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം ഭരണ വകുപ്പ് | നം./ തീയതി | തുക ₹ | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക, തീയതി | (ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക്സ് |
| | 1997-98 | 25(2) | Dr. BENNAPPAN C. VETERINARY SURGEON | LF.13006/ CELL. SC2/2001, 27.5.2002 | 7150 | 6007/78, 6.1.2009 | | | | 7150 | 0 | |
| | 1997-98 | 27 | ROBERT CORREYA, HC, SECERETARY(ic) | LF.13006/ CELL. SC2/2001, 27.5.2002 | 1000 | 26114/87, 25.4.2002 | | | | 1000 | 0 | |
| | 2003-04 | 3.4 (PART) | N.P.ADAM, ASST. ENGG. | LF.19644/ SP.CELL. SC2/2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 | |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 2003-04 | 3.4 (PART) | K.J. JOSE, ASST. EXE. ENGG. | LF.19644/ SP.CELL. SC2/2007, 24.10.2009 | 7794 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | | 7794 |

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹13577371 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹71936846 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹85514217 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹72277650 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹13236567 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1668160 |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും |
|---|---|---|
| 1-21 | 5120 | ശ്രീ. ലാൽസിംഗ് എസ്, സെക്രട്ടറി |
| 1-23 | 726000 | ശ്രീ. ലാൽസിംഗ് എസ്, സെക്രട്ടറി |
| 1-24 | 570462 | ശ്രീ. ബിനുരാജ് ബി, സെക്രട്ടറി |
| 1-27 | 366578 | ശ്രീ. ബിനുരാജ് ബി, സെക്രട്ടറി |
| ആകെ | 1668160 | |

(സി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി)നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)ഈ റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ പേരും ഉദ്യോഗപ്പേരും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് സമയത്തെ ) മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ലാൽസിംഗ് എസ്, സെക്രട്ടറി | - | പ്രിയ ഭവൻ, പുതച്ചിയിൽ, കുടപ്പനക്കുന്ന് പി.ഒ,തിരുവനന്തപുരം |
| ശ്രീ. ബിനുരാജ് ബി, സെക്രട്ടറി | സെക്രട്ടറി, നിറമരുതൂർ ഗ്രാമ പഞ്ചായത്ത് | ബിബി ഭവൻ<br>ഏഴംകുളം പി.ഒ<br>അടൂർ |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നം. |
|---|---|---|---|
| 2003-04 | കെ.എസ്.ഐ.ഡി.കെ-പി7/1437 /2003-04 അദാ-സെപ്./2022 തീയതി 22.09.2022 | 2 | 3-4, 3-8 |
| 2007-08 | കെ.എസ്.ഐ.ഡി.കെ-പി7/1437 | 1 | 3-6 |

| | | | |
|---|---|---|---|
| | /2007-08 അദാ-സെപ്./2022 തീയതി 22.09.2022 | | |
| 2008-09 | കെ.എസ്.ഐ.ഡി.കെ-പി7/1437 /2008-09 അദാ-സെപ്./2022 തീയതി 22.09.2022 | 1 | 3-4 |
| 2012-13 & 2013-14 | കെ.എസ്.ഐ.ഡി.കെ-പി7/1437/(2012-13 & 2013-14 അദാ-സെപ്.)/2022 തീയതി 22.09.2022 | 3 | 3-3, 3-4, 3-5 |
| 2014-15 | കെ.എസ്.ഐ.ഡി.കെ-പി7/1437/2014-15 അദാ-സെപ്./2022 തീയതി 22.09.2022 | 2 | 2-3, 3-4 |
| 2015-16 | കെ.എസ്.ഐ.ഡി.കെ-പി7/1437/2015-16 അദാ-സെപ്./2022 തീയതി 22.09.2022 | 1 | 3-2 |
| 2016-17 | കെ.എസ്.ഐ.ഡി.കെ-പി7/1437/2017-18 അദാ-സെപ്./2022 തീയതി 22.09.2022 | 2 | 3-2, 3-3 |
| 2017-18 | കെ.എസ്.ഐ.ഡി.കെ-പി7/1437/2017-18 അദാ-സെപ്./2022 തീയതി 22.09.2022 | 5 | 2-2, 3-4, 3-5, 3-6, 3-7 |
| 2018-19 | നം.കെ.എസ്.എ-ഐ.ഡി.കെ-പി7/1437 /2018-19/അദാ-സെപ്./2022, തീയതി 22.09.2022 | 2 | 3-1, 3-3 |
| 2019-20 | നം.കെ.എസ്.എ-ഐ.ഡി.കെ-7/773/2021, തീയതി 08.09.2021 | 15 | 1-5-1, 1-9, 1-10 മുതൽ 1-17 വരെ, 1-19 മുതൽ 1-21 വരെ, 4-8, 4-11 |
| 2020-21 | നം.കെ.എസ്.എ-ഐ.ഡി.കെ-7/772/2021, തീയതി 26.09.2021 | 20 | 1-9 മുതൽ 1-24 വരെ, 1-26 മുതൽ 1-29 വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ ബൈസൺവാലി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്